പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 334 27.09.2011-ൽ മറുപടിയ്ക്ക്

പ്രസരണ നഷ്ടം കുറയ്ക്കുവാൻ ബോധവൽക്കരണ നടപടി .

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| ഊർജ്ജ പ്രസരണനഷ്ടം ഗണ്യമായി കുറയ്ക്കുന്നതിനായി മണ്ഡലാടിസ്ഥാനത്തിൽ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനായി, ബോർഡ് ഇപ്പോൾ ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിൻെറ ഭാഗമായി എല്ലാ ഇലക്ട്രിക്കൽ സബ് ഡിവിഷനുകളിലും ഡിമാൻറ് സൈഡ് മാനേജ്മെൻറ് സെല്ലിൻെറ കീഴിൽ വിവിധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സ്ക്കൂൾ വിദ്യാർത്ഥികളെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് ബോധവൽക്കരിക്കാൻ വേണ്ടി ഈ അദ്ധ്യയന വർഷം 'നാളേക്കിത്തിരി ഊർജ്ജം' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മണ്ഡലാടിസ്ഥാനത്തിലും ഇത്തരം പദ്ധതികൾ നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ.